**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 364** **08-06-2021 - ൽ മറുപടിയ്ക്ക്**

**മുദ്രപ്പത്രക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്കായുള്ള മുദ്രപ്പത്രങ്ങൾക്ക് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ₹50, ₹100 മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ലഭ്യമല്ലാത്തതിനാൽ വലിയ തുകയുടെ മുദ്രപ്പത്രങ്ങൾ പകരം ഉപയോഗിക്കേണ്ടി വരുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മുദ്രപ്പത്രക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | റവന്യൂ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നാണ് മുദ്രയും മുദ്രപ്പത്രങ്ങളും ട്രഷറിയിൽ വിതരണത്തിന് ലഭിക്കുന്നത്. മുദ്രയും മുദ്രപ്പത്രങ്ങളും നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയെങ്കിലും, രാജ്യത്ത് കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ വീണ്ടും ശക്തമാക്കിയ സാഹചര്യത്തിൽ മുദ്രപ്പത്രങ്ങൾ ലഭ്യമാക്കുന്നതിന് നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും അനുമതി ലഭിച്ചിട്ടില്ലായിരുന്നു. ഇപ്പോൾ മഹാരാഷ്ട്ര സർക്കാരിന്റെ അനുമതി ലഭ്യമായതിനെത്തുടർന്ന് സെക്യൂരിററി പ്രസ്സിൽ നിന്നും മുദ്രയും മുദ്രപ്പത്രങ്ങളും എത്തിക്കുന്നതിന് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നും ഉദ്യോഗസ്ഥർ പോയിട്ടുണ്ട്. സെൻട്രൽ ഡിപ്പോയിൽ നിന്നും ട്രഷറി ഡിപ്പോകൾക്ക് സ്റ്റാമ്പിന്റെ സ്റ്റോക്ക് ലഭിക്കുന്ന മുറയ്ക്ക് ₹50, ₹100 മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്ര ക്ഷാമം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ